യും എടുത്തുകളഞ്ഞുകൂടെന്നും പ്രാർത്ഥിക്കാൻ ആവശ്യമുള്ളത്ര നീളം നിർത്തി കൈയിന്റെ ബാക്കിഭാഗമേ മുറിക്കാവൂ എന്നുമാണ് ഒരു വിഭാഗം മൗലവിമാർ വാദിക്കുന്നത്. ഇതിനുപുറമേ കൈ ആരു മുറിക്കണം എന്ന പ്രശ്നവുമുണ്ട്. തങ്ങൾ ഈ കൃത്യം ചെയ്യുകയില്ലെന്ന് അഖില പാകിസ്ഥാൻ മെഡിക്കൽ അസോസിയേഷനിലെ അംഗങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നു.

ഇസ്ലാമിക് ക്രിമിനൽ നിയമം നടപ്പിൽ വരുത്തുന്നതു സംബന്ധിച്ച് വേറെയും പല പ്രശ്നങ്ങളും പാകിസ്ഥാനിൽ ഉയർന്നുവന്നിട്ടുണ്ട്. ഭ്രാന്തത്തിയായ ഒരു സ്ത്രീക്ക് ഭർത്താവില്ലാതെ ഗർഭമുണ്ടായി. അവൾ വ്യഭിചാരിണിയാണെന്നു വ്യക്തം. പക്ഷേ, തനിക്ക് എങ്ങനെ ഗർഭമുണ്ടായെന്ന് അവൾക്കറിഞ്ഞുകൂടാ. അവളെ ശിക്ഷിക്കാമോ? ശിക്ഷിക്കണോ? പല തെമ്മാടികൾ ചേർന്ന് ബലാത്സംഗം ചെയ്തതിനാൽ ഗർഭിണിയായിത്തീർന്ന മറ്റൊരു സ്ത്രീയും, വ്യഭിചാരം തെളിഞ്ഞിട്ടുണ്ടെങ്കിലും ശിക്ഷാർഹയാണോ? ഇത്തരം കേസുകൾ എല്ലാവരുടെയും മനസ്സാക്ഷികളെ നടുക്കിയിരിക്കുകയാണ്. 'പക്ഷേ, യാഥാസ്ഥിതികരായ ഉലേമമാർക്കു മാത്രം യാതൊരു കുലുക്കവുമില്ല. കുറ്റം തെളിഞ്ഞാൽ 'ഹദ്ദ്'' (അന്തിമമായ ശിക്ഷ) നൽകുകതന്നെവേണമെന്നാണ് അവരുടെ നിലപാട്'' എന്ന്, ഈ പ്രശ്നത്തെപ്പറ്റി ഫെബ്രുവരി 12-ാം തീയതിയിലെ 'ഇന്ത്യൻ എക്സ്പ്രസ്സ്'' പത്രത്തിലെഴുതിയ കറാച്ചിയിലെ എം. ബി. നക്വി പ്രസ്താവിക്കുന്നു.

പാശ്ചാത്യരീതിയിൽ വിദ്യാഭ്യാസം നേടിയ പാകിസ്ഥാനിലെ പൗരക്കിടയിൽ അഗാധമായ അസ്വാസ്ഥ്യത്തിന് കാരണമായിട്ടുണ്ട് ഇത്തരം പ്രശ്നങ്ങൾ. മറ്റേതു സമൂഹവും പോലെ ആധുനികമുസ്ലിം സമൂഹവും 'ബഹാത്മകം' (പ്ലൂരലിസ്റ്റിക്) ആണ്. ഏകരൂപവും ക്രൂരവുമായ ഒരു ഗോത്രനിയമം ആ സമൂഹത്തിന്റെമേൽ നിർബ്ബന്ധിച്ചു ചുമത്തുന്നത് കാമ്യമോ സാദ്ധ്യമോ ആയിരിക്കുകയില്ല എന്നാണ് അഭ്യസ്തവിദ്യരായ പാകിസ്ഥാനി-മുസ്ലിങ്ങളിൽ അധികം പേരും കരുതുന്നത്. പക്ഷേ, നിർദ്ദയമായ ഒരു പട്ടാള-സ്വേച്ഛാഭരണത്തിനു കീഴിൽ സ്വന്തം അഭിപ്രായം തുറന്നുപറയാൻ അവർ ഭയപ്പെടുന്നു. കാരണം, ഒരു മനുഷ്യൻ മറ്റു മനുഷ്യരോടും ദൈവത്തോടുമുള്ള തന്റെ കടപ്പാട് എങ്ങനെ നിറവേറ്റുന്നു എന്ന് പട്ടാളഭരണത്തിനു കീഴിൽ തീരുമാനിക്കുന്നത് പോലീസ് കോൺസ്റ്റബിൾ ആണ്. കുറ്റക്കാരനെ വിചാരണ ചെയ്തു ശിക്ഷ വിധിക്കുന്നതാകട്ടെ ഖുറാൻ മാത്രം പഠിച്ച മൊല്ലാക്കമാരും!

(12 ഫെബ്രുവരി 1987)

# 10. ബേനസീറിന്റെ പാകിസ്ഥാൻ

1988 ഡിസംബർ 2-ാം തീയതി പാകിസ്ഥാന്റെ തലസ്ഥാനമായ ഇസ്ലാമാബാദിൽവെച്ച് മിസ്സിസ് ബേനസീർ ഭൂട്ടോ എന്ന മുപ്പത്തഞ്ചുകാരി ആ രാഷ്ട്രത്തിന്റെ പതിനൊന്നാമത്തെ പ്രധാനമന്ത്രിയായി ശപഥം ചെയ്ത് അധികാരമേറ്റു. നാല്പത്തൊന്നു വർഷം നീണ്ട പാകിസ്ഥാന്റെ ചരിത്രത്തിൽ സമാധാനമായി നടക്കുന്ന ആദ്യത്തെ അധികാരക്കൈമാറ്റം ആയിരുന്നു ഇത്. '1988-ൽ ദക്ഷിണേഷ്യയിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവ'മെന്ന് ബേനസീറിന്റെ ഈ സ്ഥാനാരോഹണം വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്.

1988 നവംബർ 16-ാം തീയതിയാണ് പാകിസ്ഥാനിലെ നാഷണൽ അസംബ്ലി (പാർലമെന്റ്)യിലേക്കുള്ള തെരഞ്ഞെടുപ്പു നടന്നത്; സിന്ധ്, പഞ്ചാബ്, വടക്കുപടിഞ്ഞാറൻ അതിർത്തിസംസ്ഥാനം ബലൂചിസ്ഥാൻ

എന്ന നാലു സംസ്ഥാനങ്ങളിലെ നിയമസഭകളിലേക്കുള്ള തെരഞ്ഞെടുപ്പ് നവംബർ 19–ാം തീയതിയും നടന്നു. ഈ തെരഞ്ഞെടുപ്പുകൾ ഒരു പാർട്ടിക്കും കേവലഭൂരിപക്ഷം നൽകിയില്ല.

നാഷണൽ അസംബ്ളിയിൽ ഇരുനൂററിമുപ്പത്തേഴ് സ്ഥാനങ്ങളാണുള്ളത്. ഇവയിൽ പത്തു സ്ഥാനങ്ങൾ ന്യൂനപക്ഷങ്ങൾക്കും ഇരുപതു സ്ഥാനങ്ങൾ സ്ത്രീകൾക്കുമായി നീക്കിവെച്ചിരിക്കുന്നു. ശേഷിച്ച ഇരുനൂറേറഴ് സ്ഥാനങ്ങളിൽ ഇരുനൂററഞ്ചു സ്ഥാനങ്ങളിലേക്കാണ് തെരഞ്ഞെടുപ്പു നടന്നത്. ഇവയിൽ തൊണ്ണൂററിരണ്ടു സ്ഥാനങ്ങൾ ബേനസീർ ഭൂട്ടോ നേതൃത്വം വഹിക്കുന്ന പാകിസ്ഥാൻ പീപ്പിൾസ് പാർട്ടിക്ക് (പി. പി. പി.) കിട്ടി. 1970_ലും 1977–ലും നടന്ന തെരഞ്ഞെടുപ്പുകളിലും ഭൂരിപക്ഷം ഈ പാർട്ടിക്കായിരുന്നു; പക്ഷേ, 1970–ലെ തെരഞ്ഞെടുപ്പ് ആഭ്യന്തരസമരത്തിലേക്കും '1977–ലേത്' സിയാ ഉൽഹക്കിന്റെ സൈനിക സർവാധിപത്യത്തിലേക്കും നയിക്കുകയാണുണ്ടായത്.

പാകിസ്ഥാൻ മുസ്ലിംലീഗ് അടക്കം ഒമ്പതു പാർട്ടികൾ ചേർന്നു രൂപീകരിച്ചതും ഉർദുവിൽ 'ഇസ്‌ലാമി ജംഹൂരി ഇത്തഹാദ്'' (ഐ. ജെ. ഐ) എന്നും ഇംഗ്ലീഷിൽ 'ഇസ്‌ലാമിക് ഡെമോക്രാററിക് അലയൻസ്' (ഐ. ഡി. എ.) എന്നും വിളിക്കപ്പെടുന്നതുമായ കൂട്ടുമുന്നണിയായിരുന്നു ഈ തെരഞ്ഞെടുപ്പിൽ പി. പി. പി. ക്ക് എതിരെ ഏററവും വലിയ വെല്ലുവിളി ഉയർത്തിയത്. ഈ മുന്നണിക്ക് നാഷണൽ അസംബ്ളിയിൽ അമ്പത്തിനാലു സ്ഥാനങ്ങൾ കിട്ടി. ഇന്ത്യയിൽനിന്ന് പാകിസ്ഥാനിലേക്കു കുടിയേറിയവരും ഉർദു സംസാരിക്കുന്നവരുമായ 'മുഹാജിർ'മാരുടെ പാർട്ടിയായ 'മുഹാജിർ കൗമി മൂവ്മെൻറ്'' (എം. ക്യൂ. എം.) സ്വതന്ത്രസ്ഥാനാർത്ഥികളായി നിർത്തിയ പതിമൂന്നുപേർ നാഷണൽ അസംബ്ലിയിലേക്കു തെരഞ്ഞെടുക്കപ്പെട്ടു. മതസംഘടനയായ ജമായത്ത്–ഉൽ–ഉലേമ–എ–ഇസ്‌ലാമിന് ഏഴു സ്ഥാനങ്ങളും അതിന്റെ മറെറാരു ശാഖയ്ക്കു് ഒരു സ്ഥാനവും ലഭിച്ചു. വടക്കു പടിഞ്ഞാറൻ അതിർത്തിസംസ്ഥാനത്തിലെ ഖാൻ അബ്ദുൽ വലി ഖാന്റെ അവാമി നാഷണൽ പാർട്ടിക്കും, എയർമാർഷൽ അസ്ഗർ ഖാന്റെ പാകിസ്ഥാൻ അവാമി ഇത്തഹാദിനും മുമ്മൂന്നു സ്ഥാനങ്ങളും ബലൂചിസ്ഥാനിലെ 'ബലൂചിസ്ഥാൻ നാഷണൽ അലയൻസ്'' എന്ന പാർട്ടിക്ക് രണ്ടു സ്ഥാനങ്ങളും പാകിസ്ഥാൻ ഡെമോക്രാററിക് പാർട്ടി, നാഷണൽ പീപ്പിൾസ് പാർട്ടി എന്നിവയ്ക്കു് ഓരോ സ്ഥാനം വീതവും കിട്ടി.

കേവലഭൂരിപക്ഷം ഒരു പാർട്ടിക്കും ഇല്ലാതിരുന്നതിനാൽ ഏററവും വലിയ പാർട്ടികളായ പി. പി. പി. യും ഐ. ഡി. എ. യും പ്രധാനമന്ത്രി സ്ഥാനത്തിന് അവകാശം ഉന്നയിച്ചു. മററു പാർട്ടികളുടെയും സ്വതന്ത്രരുടെയും പിൻതുണ ഇവയിൽ ഏതു പാർട്ടിക്ക് നേടാൻ കഴിയുന്നു എന്നതായിരുന്നു നിർണായകമായ ഘടകം. എം. ക്യൂ. എം. പാർട്ടി ബേനസീറിനെ സഹായിക്കാൻ ഉറച്ചതോടെ ഐ. ഡി. എ. യുടെ നേതാവായ നവാസ് ഷരീഫിന്റെ അവകാശവാദം അപ്രസക്തമായി. സിയാ ഉൽഹക്കിന്റെ മരണത്തെത്തുടർന്ന് പാകിസ്ഥാനിലെ താൽക്കാലിക പ്രസിഡണ്ട് ആയി തുടരുന്ന ഗുലാം ഇസ്ഹാക്ഖാൻ ബേനസീറിനെ പ്രധാനമന്ത്രിപദം ഏറെറടുക്കാൻ ക്ഷണിച്ചു. അറുപതു ദിവസങ്ങൾക്കകം പാർലമെൻറിൽ തന്റെ ഭൂരിപക്ഷം തെളിയിക്കണമെന്ന് അവരോട് ആവശ്യപ്പെടുകയുംചെയ്തു.

പാകിസ്ഥാനിലെ നാലു സംസ്ഥാനങ്ങളിൽ ജനസംഖ്യകൊണ്ടും സമ്പന്നതകൊണ്ടും മുമ്പിൽ നിൽക്കുന്ന പഞ്ചാബിലെ നിയമസഭയിലുള്ള ഇരുനൂററിനാല്പതു സ്ഥാനങ്ങളിൽ ഐ. ഡി. എ. യ്ക്കു് നൂറെറട്ടു സ്ഥാനങ്ങൾ കിട്ടി. തൊണ്ണൂററിനാലു സ്ഥാനങ്ങൾ ലഭിച്ച പി. പി. പി. അവിടെ രണ്ടാംസ്ഥാനത്താണ്. മുപ്പത്തിരണ്ടു സ്ഥാനങ്ങൾ സ്വതന്ത്രർക്ക് ലഭിച്ചിട്ടുണ്ട്. കേവലഭൂരിപക്ഷമില്ലെങ്കിലും ഏററവും കൂടുതൽ സ്ഥാനങ്ങൾ നേടിയ ഐ. ഡി. എ.

യുടെ നേതാവെന്ന നിലയിൽ നവാസ് ഷരീഫ് അവിടെ മുഖ്യമന്ത്രിയായി സ്ഥാനമേററിട്ടുണ്ട്.

രണ്ടാമത്തെ വലിയ സംസ്ഥാനമായ സിന്ധിലെ നിയമസഭയിൽ പി. പി. പി.ക്ക് അറുപത്തേഴും മുഹാജിറുകൾക്ക് ഇരുപത്താറും സ്ഥാനങ്ങൾ കിട്ടി. മൂന്നു സ്വതന്ത്രന്മാരും ഐ. ഡി. എ. യുടെ ഒരു സ്ഥാനാർത്ഥിയും പഖ്തൂൺകാരുടെ ഒരു പ്രതിനിധിയും ഇവിടെ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. കേവലഭൂരിപക്ഷമുള്ള പി. പി. പി. യുടെ നേതാവ് ഇവിടെ മുഖ്യമന്ത്രിയായി.

വലിപ്പത്തിൽ ഒന്നാംസ്ഥാനത്തെങ്കിലും ഏററവും കുറച്ചുമാത്രം ജനസംഖ്യയുള്ള ബലൂചിസ്ഥാനിലെ നിയമസഭയിൽ നാല്പതു സ്ഥാനങ്ങളിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ ജമായത്തുൽ ഉലേമ ഏ–ഇസ്ലാമിനു് പതിനൊന്നു സ്ഥാനങ്ങൾ കിട്ടി. എട്ടു സീററുകൾ കിട്ടിയ ഐ. ഡി. എ. ഇവരുമായി ചേർന്നു് ഇവിടെ മന്ത്രിസഭ രൂപവൽകരിച്ചിട്ടുണ്ട്. പി. പി. പി. ക്കു് സിന്ധ് നിയമസഭയിൽ മൂന്നു സ്ഥാനങ്ങളേ ലഭിച്ചിട്ടുള്ളു. 'ബലൂചിസ്ഥാൻ നാഷണൽ അലയൻസ്' (ബി. എൻ. എ.)എന്ന പ്രാദേശിക പാർട്ടിക്കു് ഇവിടെ ആറു സ്ഥാനങ്ങളിൽ വിജയം സിദ്ധിച്ചിട്ടുണ്ട്. വേറെ രണ്ടു പാർട്ടികൾക്കു രണ്ടു വീതവും സ്വതന്ത്രന്മാർക്കു് ഏഴും സ്ഥാനങ്ങൾ സിന്ധ് നിയമസഭയിൽ ഉണ്ട്.

വടക്കു പടിഞ്ഞാറൻ അതിർത്തി സംസ്ഥാനത്തിലെ നിയമസഭയിൽ എഴുപത്തൊമ്പതു സ്ഥാനങ്ങളിലേക്കാണു് തെരഞ്ഞെടുപ്പു നടന്നതു്. ഇരുപത്തെട്ടു സ്ഥാനങ്ങളിൽ ജയിച്ച ഐ. ഡി. എ ആണു് ഇവിടെ ഏററവും വലിയ പാർട്ടി. പി. പി. പി. ക്കു് ഇരുപതും. വലീഖാൻെറ അവാമി നാഷണൽ പാർട്ടിക്കു് (എ. എൻ. പി.) പന്ത്രണ്ടും സീററുകൾ ഇവിടെ കിട്ടി. പി. പി. പി. യാണു് എ. എൻ. പി. യുടെയും സ്വതന്ത്രരുടെയും സഹായത്തോടെ ഇവിടെ മന്ത്രിസഭ രൂപവൽകരിച്ചിട്ടുള്ളതു്.

ഐ. ഡി. എ. മന്ത്രിസഭകളുള്ള പഞ്ചാബ്, ബലൂചിസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽ കേന്ദ്രസംസ്ഥാനബന്ധം ഏതുവിധത്തിൽ രൂപപ്പെടുമെന്നു് ഇപ്പോൾ പറയാൻ വയ്യ. കേവലഭൂരിപക്ഷം ഒരിടത്തും ഇല്ലാത്തതുകൊണ്ടു് കേന്ദ്രത്തിലും, സിന്ധ്, വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനം എന്നിവിടങ്ങളിലും ഭരണനേതൃത്വം വഹിക്കുന്ന പി. പി. പി. ക്കു് പല കാര്യങ്ങളിലും വിട്ടുവീഴ്ചകൾക്കു തയ്യാറാകേണ്ടിവരും. സിയായുടെ ഏകാധിപത്യകാലത്തു് പതിനൊന്നു വർഷത്തോളം അധികാരം കൈയിൽവെച്ചുപോന്ന സൈനിക മേധാവിത്വം പാകിസ്ഥാനിൽ അവഗണിക്കാനാവാത്ത ഒരു ശക്തിയാണു്. റിട്ടയർചെയ്ത സൈനിക–ഉദ്യോഗസ്ഥരിൽ പലരും അവിടെ വ്യവസായനേതാക്കളായി മാറിയിരിക്കുന്നു. ശരിക്കും ഒരു 'മിലിട്ടറി–ഇൻഡസ്ട്രിയൽ–കോംപ്ലക്സ്' പാകിസ്ഥാനിൽ പ്രവർത്തിക്കുന്നുണ്ടെന്നു പറയാം.

രാഷ്ട്രത്തിൻെറ ആകെ മുതലെടുപ്പിൻെറ മൂന്നിലൊന്നിലേറെ പാകിസ്ഥാൻ സൈനികാവശ്യങ്ങൾക്കു ചെലവഴിച്ചുവരുന്നു. ഈ ചെലവിൽ വെട്ടിക്കുറവു വരുത്താൻ പാകിസ്ഥാനിലെ സൈനികമേധാവിത്വം സമ്മതിക്കുമെന്നു കരുതിക്കൂടാ. സ്വകാര്യവ്യവസായങ്ങളുടെമേൽ സർക്കാർ പുതിയ നിയന്ത്രണങ്ങളേർപ്പെടുത്തുന്നതിനും അവർ എതിരായിരിക്കും. മൗലികങ്ങളായ ഭൂനിയമ പരിഷ്കരണങ്ങൾക്കും അവരുടെ ആനുകൂല്യം ഉണ്ടായിരിക്കുകയില്ല.

പാകിസ്ഥാൻ അണു–ആയുധനിർമാണം തുടർന്നുപോകണമെന്നു് സൈനികമേധാവിത്വം ആവശ്യപ്പെടുന്നുണ്ടു്. അഫ്ഗാനിസ്ഥാനിലെ ഗവൺമെൻറിനെതിരായി പൊരുതുന്ന 'മുജാഹിദുകൾ' എന്ന മതമൗലികവാദികളെ പാകിസ്ഥാനിലെ സൈനികമേധാവികൾ മാത്രമല്ല, പി. പി. പി. യും അനുകൂലിച്ചുവരുന്നു. അതിനാൽ ഇന്നത്തെപ്പോലെ അമേരിക്കയോടു സൗഹാർദ്ദവും സോവിയററ് യൂണിയനോട് വിദ്വേഷവും പുലർത്താനു ബേനസീർ ഭൂട്ടോ നിർബന്ധിതയാവുമെന്നാണ് കരുതേണ്ടതു്.

ചുരുക്കത്തിൽ ബേനസീർ ഭൂട്ടോ പ്രധാനമന്ത്രിയായതിന്റെ ഫലമായി പാകിസ്ഥാനിലെ ആഭ്യന്തരരംഗത്തിലോ വിദേശനയത്തിലോ അടിസ്ഥാനപരങ്ങളായ മാററങ്ങളൊന്നും ഉണ്ടാകുമെന്നു് കരുതാൻ വയ്യ. അതേസമയം പതിനൊന്നു വർഷങ്ങളായി വിധ്വംസിക്കപ്പെട്ടുവന്നിരുന്ന ജനാധിപത്യാവകാശങ്ങളും ജനാധിപത്യസംവിധാനങ്ങളും അവിടെ പുനഃസ്ഥാപിക്കപ്പെടാൻ എല്ലാ സാദ്ധ്യതകളുമുണ്ടു്. ഇതു് സ്വാഗതാർഹമായ ഒരു സംഭവവികാസമാണു്.

ധനികനായ പിതാവിന്റെ ലാളനകൾ അനുഭവിച്ചു് വളർന്നുവന്ന ബേനസീർ, കറാച്ചിയിലെ കോൺവെന്റ് സ്കൂളുകളിലെ പഠിപ്പിനുശേഷം പതിനാറാം വയസ്സിൽ അമേരിക്കയിൽ ഹാർവാർഡിലുള്ള റാഡ്ക്ലിഫ് കോളേജിൽചേർന്നു് പോളിററിക്സിൽ ബിരുദംനേടി. പിന്നീടു് ഇംഗ്ലണ്ടിൽ ഓക്സ്ഫോർഡിലെ ലേഡിമാർഗരററ്ഹാളിൽ പാർത്തു് ധനശാസ്ത്രം, രാഷ്ട്രതന്ത്രം, ദർശനം എന്നിവയിൽ ഉപരിവിദ്യാഭ്യാസം ആർജിച്ചു. അക്കാലത്തു് 'ഓക്സ്ഫോർഡ് യൂണിയൻ സൊസൈററി' എന്ന വിദ്യാർത്ഥിസംഘടനയുടെ പ്രസിഡണ്ടു് സ്ഥാനത്തേക്കു് ബേനസീർ തെരഞ്ഞെടുക്കപ്പെട്ടു. പാകിസ്ഥാൻ വിദേശസർവീസിൽ ജോലിക്കു ചേരണമെന്ന ഉദ്ദേശ്യത്തോടെ 1977-ൽ ബേനസീർ തിരിച്ചുവന്നു. ഏറെ താമസിയാതെ സിയാ ഉൽ ഹക്ക് ഭുട്ടോയെ അധികാരഭ്രഷ്ടനാക്കി ജയിലിലടച്ചു; രണ്ടു വർഷം കഴിഞ്ഞു് തൂക്കിക്കൊല്ലുകയുംചെയ്തു. ഒരു രാഷ്ട്രീയ പ്രതിയോഗിയെ കൊലപ്പെടുത്തുന്നതിൽ പങ്കുണ്ടെന്നതായിരുന്നു ഭുട്ടോവിൽ ചുമത്തപ്പെട്ട അപരാധം.

അറസ്റ്റിലായ പിതാവിനെ മോചിപ്പിക്കുന്നതിനും അദ്ദേഹം തൂക്കിലേററപ്പെട്ടതിനുശേഷം നാട്ടിൽ ജനാധിപത്യം പുനഃസ്ഥാപിക്കുന്നതിനും ബേനസീർ അശ്രാന്തപരിശ്രമംചെയ്തു. തുടർന്നുള്ള ഏഴു വർഷങ്ങളിൽ അഞ്ചു വർഷത്തോളം ബേനസീറിനു് സിയാ ഉൽ ഹക്കിന്റെ ജയിലുകളിലും വീട്ടുതടങ്കലിലുമായി കഴിയേണ്ടിവന്നു. ചികിത്സയ്ക്കായി 1984-ൽ ബ്രിട്ടനിലേക്കു പോകാൻ അനുവദിക്കപ്പെട്ട ബേനസീർ ഫ്രാൻസിൽ സംശയാസ്പദമായ സാഹചര്യങ്ങളിൽ മരണമടഞ്ഞ തന്റെ അനുജൻ ഷാനവാസിന്റെ സംസ്കാരത്തിൽ പങ്കെടുക്കാൻ 1985-ൽ പാകിസ്ഥാനിലേക്കു മടങ്ങിവന്നു. ആ വർഷം അവസാനത്തിൽ സിയാ ഉൽ ഹക്ക് പട്ടാളനിയമം പിൻവലിച്ചു; രാജ്യത്തു പാർട്ടിനിരപേക്ഷമായ തെരഞ്ഞെടുപ്പു നടത്തുകയുംചെയ്തു. ഈ തെരഞ്ഞെടുപ്പ് പ്രഹസനത്തിൽനിന്നു് പി. പി. പി. യും മററു പല രാഷ്ട്രീയസംഘടനകളും പൂർണമായും വിട്ടുനിന്നു. ഈ തെരഞ്ഞെടുപ്പിനെത്തുടർന്നു് പ്രധാനമന്ത്രിയായി അവരോധിക്കപ്പെട്ട ജുനേജോവിനെ അഴിമതിക്കററം ചുമത്തി. പിന്നീടു് സിയാ ഉൽഹക്ക് പിരിച്ചുവിടുകയുണ്ടായി. 1990 വരെ തെരഞ്ഞെടുപ്പു നടത്തുന്നതല്ലെന്നും സിയാ പ്രഖ്യാപിച്ചു.

1986 ഏപ്രിൽമാസത്തിൽ ബേനസീർ ബ്രിട്ടനിൽനിന്നു് പാകിസ്ഥാനിലേക്കു് എന്നന്നേക്കുമായി മടങ്ങിവന്നു. ജനാധിപത്യം പുനഃസ്ഥാപിക്കുന്നതിനും ഉടൻ തെരഞ്ഞെടുപ്പുനടത്തുന്നതിനും ബേനസീറിന്റെ നേതൃത്വത്തിൽ പി. പി. പി. നടത്തിയ പ്രക്ഷോഭണം അടിച്ചമർത്തപ്പെട്ടു. അതിനുശേഷം 1988 മെയിലാണു് പ്രധാനമന്ത്രി ജുനേജോവിനെ സിയാ പിരിച്ചുവിട്ടതു്. നവംബറിൽ പാർട്ടിനിരപേക്ഷമായിത്തന്നെ തെരഞ്ഞെടുപ്പു നടത്തുമെന്നു് 1988 ജൂലൈയിൽ സിയാ പ്രഖ്യാപിച്ചു. 1987 ഡിസംബറിൽ അസിഫ് അലിസർദാരി എന്ന ഒരു സിന്ധിവ്യവസായപ്രമുഖനെ ബേനസീർ വിവാഹം ചെയ്തിരുന്നു. ബേനസീർ ഗർഭിണിയാണെന്നും 1988 നവംബറിലായിരിക്കും പ്രസവമെന്നും അറിഞ്ഞതാണത്രെ അവർക്കു് പങ്കെടുക്കാൻ കഴിയാത്തവിധം അതേ മാസത്തിൽതന്നെ തെരഞ്ഞെടുപ്പു് നടത്താൻ സിയാ ഉൽ ഹക്ക് തീരുമാനിച്ചതു്. ആ തെരഞ്ഞെടുപ്പു് നടന്നുകാണാൻ സിയായ്ക്കു് യോഗമുണ്ടായില്ല. ബേനസീർ ആകട്ടെ സെപ്തംബർ 21-ാം തീയതി സിസേറിയൻ ശസ്ത്രക്രിയയിലൂടെ മകൻ ബിലാവലിനെ പ്രസവിച്ചു; ഏതാനും ദിവസങ്ങൾക്കുശേഷം

ഊർജസ്വലതയോടെ തെരഞ്ഞെടുപ്പുപ്രചാരവേലയിൽ പങ്കെടുത്തു് തന്റെ പാർട്ടിയെ വിജയത്തിലേക്കു നയിക്കുകയുംചെയ്തു.

പാകിസ്ഥാന്റെ പ്രധാനമന്ത്രിയായി സ്ഥാനമേററ ബേനസീറിനു് അതേ ദിവസം ഇന്ത്യാപ്രധാനമന്ത്രി രാജീവ്ഗാന്ധി അയച്ച ഒരു സന്ദേശത്തിൽ ഇങ്ങനെ പറഞ്ഞിരുന്നു:

'നമുക്കു് രണ്ടു കൂട്ടർക്കും പൊതുവായുള്ള ഈ ഭൂഖണ്ഡത്തെ നമ്മുടെ രാഷ്ട്രങ്ങളുടെ ഭാഗധേയങ്ങൾ സാക്ഷാൽക്കരിക്കുന്നതിനു് നമുക്കു് ശക്തിനൽകുന്ന രാഷ്ട്രീയ അഭിലാഷങ്ങളും അടിസ്ഥാനസിദ്ധാന്തങ്ങളും സദാചാരനിയമങ്ങളുമനുസരിച്ചു് സുരക്ഷിതമായ ഒരു പ്രദേശം ആക്കാൻ ഒത്തുചേർന്നു ശ്രമിച്ചാൽ നമുക്കു് സാധിക്കും. പാകിസ്ഥാന്റെ പിറവിക്കുശേഷമുള്ള കാലഘട്ടത്തിന്റെ സന്താനങ്ങളാണു് നിങ്ങളും ഞാനും. പാകിസ്ഥാനുമായുള്ള ബന്ധത്തെ ഇന്ത്യ എന്നും വിലമതിച്ചിരുന്നു. ശക്തമായ സൗഹാർദം നമ്മുടെ ജനതകൾക്കിടയിൽ നിലനിൽക്കുന്നു. ചരിത്രം, സംസ്കാരം, ഭാഷ, മതം എന്നിവ നമ്മെ പരസ്പരം ബന്ധപ്പെടുത്തുന്നു. നമ്മുടെ ജനങ്ങൾക്കു് പരസ്പരമുള്ള സ്നേഹത്തിനു് അനസ്യൂതമായ ഒരു ബന്ധം നമ്മുടെ സർക്കാരുകൾക്കിടയിൽ നിർമിക്കേണ്ടതു് സുപ്രധാനമാണു്. നിങ്ങളുടെ അച്ഛനും എന്റെ അമ്മയും ഒപ്പിട്ട സിംലാകരാർ നമ്മുടെ കാലത്തും വരാൻ പോകുന്ന തലമുറകളുടെ കാലത്തും നമ്മുടെ രാഷ്ട്രങ്ങൾ തമ്മിൽ സമാധാനവും സഹകരണവും വളരുന്ന പരസ്പരവിശ്വാസത്തിന്റേയും സൗഹൃദത്തിന്റേയുമായ ബന്ധം പടുത്തുയർത്തുന്നതിനു് അടിസ്ഥാനം നൽകുന്നുണ്ടു്. ദക്ഷിണേഷ്യയിൽ സ്ഥിരതയ്ക്കും പുരോഗതിക്കും പാകിസ്ഥാന്റെ ഐക്യവും അഖണ്ഡതയും അതിപ്രധാനമാണെന്നു് ഇന്ത്യ കരുതുന്നു. ഇന്ത്യയുടെ ഐക്യത്തെയും അഖണ്ഡതയെയും സംബന്ധിച്ചു് ഇതേ മനോഭാവമാണു് നിങ്ങൾക്കുള്ളതെന്നു് ഞങ്ങൾ വിശ്വസിക്കുന്നു. ഇന്ത്യയിലെയും പാകിസ്ഥാനിലെയും ജനങ്ങൾ സഹജീവിക്കുകയും സഹകരിക്കുകയും സമാധാനവും സമൃദ്ധിയും രണ്ടു രാജ്യങ്ങൾക്കും ഉജ്ജ്വലമായ ഒരു ഭാവിയും നേടിയെടുക്കാൻ വേണ്ടി ഒന്നിച്ചു് അദ്ധ്വാനിക്കുകയും ചെയ്യുന്നുവെന്നു് ഉറപ്പുവരുത്താനായി എല്ലാവിധത്തിലും നിങ്ങളോടൊത്തു പ്രവർത്തിക്കുന്നതിനെ ഞാൻ ഉററുനോക്കുന്നു. ആത്മാർത്ഥമായ അഭിനന്ദനങ്ങൾ നിങ്ങൾക്കു് അയയ്ക്കുന്നതിൽ ഇന്ത്യയിലെ ജനങ്ങൾ എന്നോടൊപ്പമുണ്ടു്.'

(3 ഡിസംബർ, 1988)

# 11. അഫ്ഗാനിസ്ഥാൻ

1979 ഡിസംബറിൽ അഫ്ഗാനിസ്ഥാനിൽ പ്രവേശിച്ച ഒന്നേകാൽ ലക്ഷത്തോളംവരുന്ന സോവിയററ് സൈനികർ 1988 മെയ് 15 മുതൽ അവിടെനിന്നു തിരിച്ചുപോകാൻ തീരുമാനിച്ചിരിക്കുകയാണു്. അവർ പോയിക്കഴിഞ്ഞാൽ പിന്നെ അഫ്ഗാനിസ്ഥാനിൽ എന്തുണ്ടാവും? ഈ ചോദ്യത്തിനു ലഭിക്കുന്ന ഉത്തരത്തിൽ ഇന്ത്യാക്കാരായ നമുക്കെല്ലാം അഗാധമായ താല്പര്യം ഉണ്ടായിരിക്കേണ്ടതാണു്.

പാകിസ്ഥാനു് വടക്കു് മദ്ധ്യേഷ്യയിൽ ഹിന്ദുക്കുഷ് മലനിരകൾക്കിടയിൽ കിടക്കുന്ന അഫ്ഗാനിസ്ഥാന്റെ വിസ്തീർണം ആറരലക്ഷം ചതുരശ്ര കിലോമീറററിലധികമാണു് (കേരളത്തിന്റെ ഏതാണ്ടു് പതിനാറിരട്ടി). പക്ഷേ, ജനസംഖ്യ ഒരുകോടിയോളമേ ഉള്ളു (കേരളത്തിലെ ജനസംഖ്യ രണ്ടര കോടി കവിഞ്ഞിരിക്കുന്നു). അത്യുഗ്രമായ ശൈത്യവും ഉഷ്ണവും മാറിമാറി അനു